Deepika EKM 4/11/22

രെയിലെ ഫ്ളാറ്റിൽ ക്കുമരുന്ന് വേട്ട

അനന്തു (26), തൻസീം (24),അലൻ മാത്യു (23) എന്നിവരാണ് അറസ്റ്റിലായത്.

എംഡിഎംഎ, എൽഎസ്ജി സ്റ്റാമ്പ് ,കഞ്ചാവ് തുടങ്ങി മയക്കുമരുന്നുകൾ സഞ്ചിയിലും കവറിലുമായി മുറിയിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു.

ത്രാസും ചെറിയ പാക്കറ്റുകളും മറ്റ് ഉപകരണങ്ങളും മുറിയിൽ നിന്ന് പോലീസ് കണ്ടെടുത്തു.

പ്രതികളായ അനന്തു, തൻസീം, അലൻ മാത്യു.

ക്യാപ്സ് ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഇന്ന്

അങ്കമാലി: കേരള അസോസിയേഷൻ ഓഫ് പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സിന്റെ(ക്യാപ്സ്) ആഭിമുഖ്യത്തിൽ സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഇന്ന് രാവിലെ 9.30ന് അങ്കമാലി ഡീപോൾ ഇൻസ്റ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ നടക്കും.

ക്യാപ്സ് പ്രസിഡന്റ് ഡോ. എം.പി. ആന്റണിയുടെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ഡിസ്റ്റ് പ്രിൻസിപ്പൽ റവ. ഡോ. ജോൺ മംഗലത്ത് ഉദ്ഘാടനം നിർവഹിക്കും. സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയും ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ സാമൂഹ്യപ്രവർത്തകരുടെ പങ്കാളിത്തം എപ്രകാരം ഉറപ്പുവരുത്താം എന്നതിനെ കുറിച്ച് നടക്കുന്ന പാനൽ ചർച്ചയിൽ ഡോ. ഐപ്പ് വർഗീസ്, ഡോ. ജെസി ജോൺ, അഡ്വ. ദീലീപ് കുമാർ തുടങ്ങിയവർ സംസാരിക്കും.

...ത്തി

...ിയൻ വൈസ് പ്രസിഡന്റ് ...ഈരാളി, ജോഷി പടയാ...സിഡന്റ് കെ.ഒ. വർഗീസ്, ...ാവുങ്ങ, ഷാജി പുളിമൂട്ടി ...ി. സുരേഷ്, വർഗീസ് മാ...താൻ, ജയ ഫ്രാൻസിസ്, ... മേരി ജോണി, ജോയി ...ർ, ചാക്കോ വർഗീസ്, ടി. ...ജു, കെ.ഒ. ജോയി, ജോ...ി, ചന്ദ്രഭാനു എന്നിവർ ...ച്ചു.

...ട്രേഷൻ

...്യക്ഷനായിരുന്നു. ...ലി അസിസ്റ്റന്റ് ലേബർ ...ി ടി.കെ. നാസർ, ഗ്രാമ...ത് ...ംഗം ജിഷ ശ്യാം, ...ി...ാങ്ക് പ്രസിഡന്റ് ...യാബു, ഷാജു സെബാ...ായ് ജോസഫ്, പി. കെ. ...സ്, സി.ഡി. ആന്റു, പ്ര...ദ്ദത്ത്, ശാന്ത അപ്പു, ഷ...ജേഷ്എന്നിവർ പ്രസം

പൊങ്ങം നൈപുണ്യയിൽ മന്തി ഫെസ്റ്റ്

മൂന്നു മണിക്കൂർ കൊണ്ട് 25തരം മന്തികൾ

അങ്കമാലി: പൊങ്ങം നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫോർമേഷൻ ടെക്നോളജിയിലെ ഹോട്ടൽ മാനേജ്മെന്റ് വിഭാഗം നടത്തിയ മന്തി ഫെസ്റ്റിന് യൂണിവേഴ്സൽ റെക്കോർഡ്സ് ഫോറത്തിന്റെ അംഗീകാരം. മൂന്നു മണിക്കൂർ കൊണ്ട് 25 വ്യത്യസ്ത തരത്തിലുള്ള മന്തികളുടെ തത്സമയ പാചകം നടത്തിയതിലൂടെയാണ് കോളജിന് അംഗീകാരം ലഭിച്ചത്.

യമനിഷ് സുഗന്ധ ദ്രവ്യങ്ങളുടെ അകമ്പടിയോടെ 25 വ്യത്യസ്ത തരത്തിലുള്ള മത്സ്യ-മാംസാദികൾ ഉൾപ്പെടുത്തിയാണ് മന്തികൾ ഒരുക്കിയത്. മുയൽ, ടർക്കി, കാട, കരിമീൻ, നെയ്മീൻ , സാൽമൺ, കൊഞ്ച്, ഒക്ടോപ്പസ് തുടങ്ങി വിവിധ തരത്തിലുള്ള മത്സ്യ-മാംസാദികളാണ് പാചകത്തിനായി ഉപയോഗിച്ചത്.

ഹോട്ടൽ മാനേജ്മെന്റ് വിഭാഗം മേധാവി റോബർട്ട് ഫെർണാണ്ടസിന്റെ നേതൃത്വത്തിൽ 25 ഷെഫ് വിദ്യാർഥികളും പ്രധാനാധ്യാപക ഷെഫുമാരായ കെ.ജി. പ്രഭാകരൻ, ജോൺ കിഴക്കൂടൻ, ആനന്ദ് തോമസ്, പി.പി. രാജൻ എന്നിവർ ചേർന്ന് മന്തികൾ പാചകം ചെയ്തത്.

പൊങ്ങം നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയിലെ ഹോട്ടൽ മാനേജ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തിയ മന്തി ഫെസ്റ്റ് റോജി എം. ജോൺ എംഎൽഎ, ജോജി പോൾ കാഞ്ഞൂത്തറ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു.

റോജി എം. ജോൺ എംഎൽഎ, തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ ജോജി പോൾ കാഞ്ഞൂത്തറ എന്നിവർ ചേർന്ന് മന്തി ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. കോളജ് എക്സിക്യൂട്ടീവ് ഡയറക്ടറും പ്രിൻസിപ്പലുമായ റവ. ഡോ. കെ.ജെ. പോളച്ചൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രിൻസിപ്പലും ഹോട്ടൽ മാനേജ്മെന്റ് വിഭാഗം മേധാവിയുമായ റോബർട്ട് ഫെർണാണ്ടസ്, സനീഷ് കുമാർ ജോസഫ് എംഎൽഎ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം യൂജിൻ മൊറേലി, കൊരട്ടി ഫൊറോന വികാരി ഫാ. ജോസ് ഇടശേരി, കെടിഡിസി ബോൾഗാട്ടി പാലസ് ജനറൽ മാനേജർ എ.ഇ. ജോൺ, കൊരട്ടി പഞ്ചായത്തംഗം പോൾസി ജിയോ, ആലുവ പാലസ് മാനേജർ ജോസഫ് ജോൺ, പ്രമുഖ ഫുഡ് ബ്ലോഗറും സെലിബ്രിറ്റി ഷെഫുമായ നളൻ ഷൈൻ, ഫുഡ് ബ്ലോഗർമാരായ മാഡ്‌ലി യമ്മി, യാദിൽ എം. ഇക്ബാൽ തുടങ്ങിയവർ പങ്കെടുത്തു.

ചടങ്ങിൽ നിരീക്ഷകനായി എത്തിയ യൂണിവേഴ്സൽ റെക്കോർഡ്സ് ഫോറം ചീഫ് എഡിറ്റർ ഡോ. സുനിൽ ജോസഫ് യൂണിവേഴ്സൽ റെക്കോർഡ് സർട്ടിഫിക്കറ്റ് ഫലകവും മെഡലും ബാഡ്ജും പൊങ്ങം നൈപുണ്യ കോളജിനു കൈമാറി.

...കോളജ് ശതാബ്ദിയാഘോഷം: എക്സിബിഷൻ ഏഴ് മുതൽ

...ലുവ യൂണിയൻ ക്രിസ്ത്യൻ കോളജ് ശതാബ്ദിയാഘോ...സമാപനത്തോടനുബന്ധിച്ച് ആഗോള പൂർവ വിദ്യാർഥി ...യുസിസി സെന്റെനിയൽ വിസ്ത 2022 എന്ന പേരിൽ മെ...ിബിഷനും സംഘടിപ്പിക്കുന്നു. ഏഴ് മുതൽ 12 വരെ ...എക്സിബിഷനിൽ ഇന്ത്യൻ നാവികസേന, വ്യോമസേന, ...കേരള പോലീസ്, ഐഎസ്ആർഒ, കൊച്ചിൻ ഷിപ്പ്യാർ...ഫാസ്, സിഎംഎഫ്ആർഐ, കാംകോ തുടങ്ങി...ടെ പ്രദർശനങ്ങളുണ്ടായിരിക്കുമെന്ന് കോളജ് കോളജ് മ...തോമസ് ജോൺ, പ്രിൻസിപ്പൽ ഡോ.എം.ഐ.പുന്നൂസ് ...വാർത്താസമ്മേളനത്തിൽ അറിയിച്ചു.

...ന് വൈകുന്നേരം അഞ്ചിന് പ്രഫ.എം.കെ.സാനു കലാ...മിക പരിപാടികളുടെ ഉദ്ഘാടനം നിർവഹിക്കും. 12ന് ന...ഗോള പൂർവ വിദ്യാർഥി സംഗമത്തിൽ 5000 ഓളം പൂർവ...ർഥികൾ പങ്കെടുക്കും. രാവിലെ 10 ന് പൊതുസമ്മേളനം ഹൈ...ഡ്ജി സി.ജയചന്ദ്രൻ ഉദ്ഘാടനം ചെയ്യും. തുഷാർ ഗാ...ിഥിയാകും. ചടങ്ങിൽ പൂർവ വിദ്യാർഥികളായ പത്മശ്രീ ...ാമ്മ ഐപ്പ്, എഴുത്തച്ഛൻ പുരസ്കാരം നേടിയ സാഹി

വളംവിതരണത്തിൽ അഴിമതിയെന്ന്; സിപിഎം പ്രതിഷേധിച്ചു

അങ്കമാലി : തുറവൂർ സർവീസ് സഹകരണ ബാങ്കുവഴി കർഷകർക്ക് വിതരണം ചെയ്ത വളത്തിൽ അഴിമതിയെന്ന് സിപിഎം ആരോപണം. സിപിഎം പ്രതിഷേധത്തെത്തുടർന്ന് വളം വിതരണം നിർത്തിവച്ചു. കൃഷി ഭവൻ മുഖേന കൃഷിക്കാർക്ക് സൗജന്യ നിരക്കിൽ വളം വിതരണം ചെയ്യാൻ ചുമതല ഏൽപിച്ചത് തുറവൂർ സർവീസ് സഹകരണ ബാങ്കിനെയാണ്. കഴിഞ്ഞ ദിവസം മുതൽ വിതരണം ചെയ്ത വളത്തിന്റെ 50 കിലോ ചാക്കിൽ ഓരോന്നിലും രണ്ടു മുതൽ മൂന്നു കിലോ വരെ കുറവ് കണ്ടെത്തുകയായിരുന്നു. സിപിഎം പ്രവർത്തകർ വളം വിതരണ കേന്ദ്രത്തിലെത്തി വളം ചാക്കുകൾ തൂക്കി നോക്കിയപ്പോൾ എല്ലാ ചാക്കിലും കുറവ് കണ്ടിച്ചു. ഉടൻ തന്നെ തുറവൂർ കൃഷി ഓഫീസറെത്തി വളം വിതരണം നിർത്തിവയ്പ്പിക്കുകയായിരുന്നു. ബാങ്കിലെ കോൺഗ്രസ് ഭരണസമിതിയും വളംകമ്പനിയും ചേർന്നുനടത്തിയ അഴിമതിയാണിതെന്ന് സിപിഎം ലോക്കൽസെക്രട്ടറി കെ.പി. രാജൻ പറഞ്ഞു. പ്രതിഷേധത്തിൽ പി.വി. ജോയ് , എം.എം. ജയ്സൺ, എം.വി. മോഹനൻ , സാജു അയ്യമ്പിള്ളി തുടങ്ങിയവർ പങ്കെടുത്തു.

എട്ടേക്കർ പള്ളിയിലെ ഊട്ടുതിരുനാളിന് ആയിരങ്ങൾ

ആലുവ: എടത്തല എട്ടേക്കർ പള്ളിയിൽ വിശുദ്ധ യൂദാ തദേവൂസിന്റെ ഊട്ടുതിരുനാളിൽ ആയിരങ്ങൾ പങ്കെടുത്തു. ഇന്നലെ രാവിലെ ഒമ്പതിനുള്ള തിരുനാൾ കുർബാനയ്ക്ക് ഫാ. ജോസഫ് തട്ടാരശേരി മുഖ്യ കാർമികത്വം വഹിച്ചു. തുടർന്ന് നേർച്ചസദ്യ വിതരണം ആരംഭിച്ചു. രണ്ടുമണിക്കൂർ ഇടവിട്ട് വിവിധ വീത്തുകളിലും, ഹിന്ദി ഭാഷയിലുള്ള ദിവ്യബലിയും വിശുദ്ധന്റെ നൊവേനയും ഉണ്ടായിരുന്നു. വികാ